## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2422

12.03.2020-ൽ മറുപടിയ്ക്ക്.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) നടപ്പ് സാമ്പത്തിക വർഷത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഇവയാണ്.<br>1) ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശു പരിപാലനത്തിനുള്ള പരിശീലനങ്ങൾ, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീര സംഗമങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികൾ<br>2) ക്ഷീര മേഖലയ്ക്ക് ആവശ്യമുള്ള തീറ്റപ്പുൽ ഉല്പാദിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ അടങ്ങിയ തീറ്റപ്പുൽ കൃഷി വികസന പദ്ധതി.<br>3) ക്ഷീരമേഖലയിൽ ഉരുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി.<br>4) ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി.<br>5) കർഷകർ സംഘത്തിന് നൽകുന്ന പാലിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതി. |
| (ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ? | (ബി) പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് |

| പദ്ധതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|
| ഗ്രാമീണ വിജ്ഞാന വ്യാപന പരിപാടികളും ഉപദേശക സമിതിയും | 164500 | പൂർത്തീകരിച്ചു |
| തീറ്റപ്പുൽകൃഷി വികസന പദ്ധതി | 480230 | പൂർത്തീകരിച്ചു |

| | | |
|---|---|---|
| മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | 5727500 | പൂർത്തീകരിച്ചു |
| കാലിത്തീറ്റ സബ്സിഡി | 1445018 | പൂർത്തീകരിച്ചു |
| ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം | 1400547 | പൂർത്തീകരിച്ചു |

**സെക്ഷൻ ഓഫീസർ**